# ചോതാവൂർ എച്ച് എസ് എസ്

# കാറ്റാടി



LITTLE KITES CHOTHAVOOR HSS CHAMPAD

# ആമുഖം

പ്രപഞ്ചം മുഴുവൻ വിരൽത്തുമ്പിൽ വിരിയുന്ന കാലമാണിത് . എന്തിനെക്കുറിച്ചും അറിയാൻ കഴിയുന്നത്ര ഇൻഫർമേഷൻ ടെക്നോളജി വളർന്ന കാലം. ആഗ്രഹിക്കുന്നതെല്ലാം വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ ജീവിക്കുന്ന കുഞ്ഞുങ്ങളാണ് നാടിന്റെ ഭാവി തലമുറ.

ഇന്നുള്ളതിനേക്കാൾ വേഗത്തിൽ സാങ്കേതികതികവോടെ ഭാവിലോകത്തെ വാർത്തെടുക്കേണ്ടത് ഇന്നത്തെ കുട്ടികളാണ്. ഇന്റർനെറ്റ് ലോകം അടക്കി വാഴുന്ന ഈ കാലത്ത് പുത്തൻ സാങ്കേതിക വിദ്യയിലേക്ക് ആഴ്ന്നിറങ്ങുവാൻ കുട്ടികൾക്ക് ഒട്ടേറെ അവസരങ്ങളുണ്ട്. അതിലേക്ക് ചേരുകയാമ് നമ്മുടെ സ്കൂളും. ഇതിന്റെ ഭാഗമായാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്. വിദ്യാർത്ഥികളുടെ കലാ-സാഹിത്യ കഴിവുകൾ പ്രതിഫലിക്കുന്ന മാഗസിൻ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സാങ്കേതിക മികവിൽ പൂർണതയിൽ എത്തിയിരിക്കുകയാണ്.

ഈ മാഗസിൻ നിങ്ങളുടെ മുന്നിലെത്തിക്കാൻ സഹായിച്ചവർക്കും തന്റേതായ രചനകൾ സമർപ്പിച്ച കൂട്ടുകാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊണ്ട് സന്തോഷത്തോടെ മാഗസിൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു...

രാഖിമ.കെ

# ഉള്ളടക്കം


ചോതാവൂർ എച്ച് എസ് എസ് (ചരിത്രം)

വേരുകൾ (കഥ)

മോഷണം (കഥ)

പാതിയിൽ നിന്ന് പോയ പാട്ട്

മൗനനൊമ്പരം (കഥ)

കഷ്ടപാടിൻ്റെ വില (കഥ)

വികൃതിയായ തേനീച്ച (കഥ)

കനിവ്

# ചോതാവൂർ എച്ച് എസ് എസ്



കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പഞ്ചായത്തിൽ ചമ്പാട് പ്രദേശത്തെ പ്രമുഖവിദ്യാഭ്യാസ പ്രവർത്തകനായിരുന്ന കോരൻ ഗുരുക്കൾ 1903 ൽ തുടങ്ങിയ കുടി പ്പള്ളിക്കൂടം, തലശ്ശേരിയിൽ നിന്നും പാനൂരിലേക്കുള്ള പ്രധാന പാതയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന കുടി പ്പള്ളിക്കൂടത്തിന്റെ പ്രവർത്തനം ഈ വഴിയിലൂടെ യാത്ര ചെയ്തിരുന്ന ബ്രിട്ടീഷ് വിദ്യാഭ്യാസ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടു. വിദ്യാലയം സന്ദർശിച്ച ഓഫീസർ ഇതിനെ അംഗീകൃത വിദ്യാലയമാക്കി മാറ്റി. 1965 ൽ യു.പി. സ്കൂളായും 1995 ൽ ഹൈസ്കൂളായും ഉയർത്തി. 2010 ഓഗസ്റ്റിൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

ആദ്യ കാലഅദ്ധ്യാപകർ.

ഇവിടെ ജോലി ചെയ്തിരുന്ന ആദ്യ കാലാദ്ധ്യാപകരെ പറ്റി അധികമൊന്നും അറിയാത്ത അവസ്ഥയാണിന്നുള്ളത്. 1910 വരെ ഈ വിദ്യാലയത്തിൽ ശമ്പളം വാങ്ങിയ മൂന്ന്അദ്ധ്യാപകരാണുണ്ടായിരുന്നത്.ശ്രീമന്മാർ എൻ.എം.ബാപ്പു,ടി.കോരൻ പണിക്കർ,കേളപ്പൻ നമ്പ്യാർ.ഇതിൽ ടി.കോരൻ പണിക്കർ വിദ്യാലയത്തിന്റെ സ്ഥാപകനും മാനേജരുമായിരുന്നകോരൻഗുരുക്കൾ തന്നെയാണ്.1922 വരെ അദ്ദഹം ഈ വിദ്യാലയത്തിൽ അദ്ധ്യാപകനായിരുന്നുവെന്ന് ഇവിടെ സൂക്ഷിച്ചിട്ടുള്ള റജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തുന്നു.1910 ന ശേഷം 1928 വരെ ഇവിടെ ഏഴദ്ധ്യാപകർ ജോലി ചെയ്തിരുന്നു

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന്4 കെട്ടിടങ്ങളിലായി36 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

പ്രൈമറി വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും ഹയർസെക്കന്ററി വിഭാഗത്തിലും കമ്പ്യൂട്ടർ ലാബുകളുണ്ട്. മൂന്നു ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. ഹൈസ്കൂൾ, ഹയർസെക്കന്ററി ലാബുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം ക്ലാസ്മുറികൾ സ്മാർട്ട് ക്ലാസ് മുറികളാണ്.

ച
രി
ത്രം

# വേരുകൾ



ചീറിപ്പായുന്ന വാഹനങ്ങളുടെ ഹോൺ ശബ്ദം കേട്ട് ഞാൻ കിടക്കുകയായിരുന്നു.ആ ശബ്ദങ്ങൾക്കിടയിലും ഭാര്യയുടെയും മക്കളുടെയും കലപില ശബ്ദവും ഞാൻ കേൾക്കുന്നുണ്ടായിരുന്നു.പക്ഷെ ഒന്ന് മാത്രം കേൾക്കുന്നില്ല അരവിന്ദാ....എന്നുള്ള ആ വിളി.കുറേ മരങ്ങളും കൃഷിയും നിഷ്കകളങ്കമായ ഒരു അമ്മയും നിറയെ സ്നേഹം ഉള്ളിൽ കൊണ്ട് നടന്ന ഒരു അച്ഛനും നിറഞ്ഞതായിരുന്നു എന്റെ ഗ്രാമം.അവിടെ എനിക്ക് വേണ്ട എല്ലാം ഉണ്ടായിരുന്നു.എനിക്ക് ഏറ്റവും സന്തോഷം ലഭിച്ചിരുന്നതും അവിടെ നിന്ന് തന്നെയാണ്.പക്ഷെ ഇപ്പോൾ എനിക്ക് അത് ലഭിക്കുന്നില്ല.അല്ല ഞാൻ സ്വയം അത് ഇല്ലാതാക്കി.

രാവിലെ എണീറ്റതും ഞാൻ ഓടി അടുക്കളയിലേക്ക് ചെന്നു.അമ്മ അവിടെ നിന്ന് ഭക്ഷണം ഉണ്ടാക്കുകയായിരുന്നു.അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് അമ്മയ്ക്ക് ഞാൻ ആ പേപ്പർ കൊടുത്തു.അമ്മ അതുകണ്ട് വളരെ അധികം സന്തോഷിച്ചു.കഴിഞ്ഞ ദിവസം ഇന്റർവ്യൂന് പോയ സ്ഥലത്ത് നിന്ന് എനിക്ക് ജോലി ലഭിച്ചതായിരുന്നു ആ പേപ്പറിൽ ഉണ്ടായിരുന്നത്.അച്ഛനും ഇതറിഞ്ഞപ്പോൾ വളരെ അധികം സന്തോഷമായി.ഞാൻ വേഗം കുളിച്ച് റെഡിയായി അച്ഛന്റെ കാല് തൊട്ട് വണങ്ങി ജോലിയുടെ ആദ്യ ദിവസത്തിലേക്ക് സന്തോഷത്തോടെ കടന്നു പോയി.ജോലി കഴിഞ്ഞ് തിരിച്ചു വന്ന് ക്ഷീണത്തിൽ കിടക്കുമ്പോഴാണ് പുറത്തു നിന്ന് ആരൊക്കെയോ സംസാരിക്കുന്നത് കേട്ടത്.ഞാൻ പതുക്കെ ചെന്ന് നോക്കി.അവിടെ എന്റെ ബന്ധുക്കളും മറ്റും എന്റെ കല്യാണ കാര്യം ചർച്ച ചെയ്യുകയായിരുന്നു.ഞാൻ ഒളിഞ്ഞു നിന്ന് അതെല്ലാം കേട്ടു."പെണ്ണിന്റെ പേര് സ്മിത"അമ്മ ഉറക്കെ വിളിച്ചു പറഞ്ഞു.അമ്മ പെട്ടെന്ന് അരവിന്ദാ.... എന്ന് എന്നെ വിളിച്ചു.ഞാൻ അവിടെ ചെന്നതും അമ്മ എന്റെ കയ്യിൽ അവളുടെ ഫോട്ടോ വെച്ച് തന്നു."എന്താ നിന്റെ അഭിപ്രായം,കുട്ടിയെ കാണാൻ എങ്ങനിണ്ട്,നിനക്ക് സമ്മതമാണോ."അമ്മ എന്നോട് ചോദിച്ചു.കുട്ടിയെ കാണാൻ നല്ല ഭംഗിയുണ്ട് സമ്മതമുണ്ടായിട്ടും ഞാൻ ആലോചിക്കണം എന്ന് പറഞ്ഞ് അകത്തേക്ക് പോയി.അമ്മ ഞാൻ കേൾക്കത്തക്ക വിധം കുട്ടിക്ക് വളരെ നല്ല സ്വഭാവം ആണെന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.കുറച്ചു കഴിഞ്ഞ് എനിക്ക് സമ്മതമാമെന്ന് ഞാൻ അമ്മയെ അറിയിച്ചു.ഇതറിഞ്ഞതും അമ്മ ബന്ധുക്കളെയെല്ലാം വിളിച്ച് അറിയിച്ചു.അങ്ങനെ പെണ്ണുകാണൽ ചടങ്ങിന്റെയന്ന് അവൾ എന്റെയടുത്ത് സംസാരിക്കാൻ വന്നു. ഞാൻ മറ്റൊന്നും ചോദിക്കുകയോ പറയുകയോ ചെയ്യാതെ കല്യാണം കഴിഞ്ഞാൽ എന്റെ അമ്മയെയും അച്ഛനെയും സ്വന്തം രക്ഷിതാക്കളെ പോലെ നോക്കണമെന്ന് മാത്രം അവളോട് പറഞ്ഞു.അവൾ അത്

സമ്മതിച്ച് തലകുലുക്കി.അങ്ങനെ ഞങ്ങടെ കല്യാണം കഴിഞ്ഞു.ആദ്യാദ്യം അവളും അമ്മയും വളരെയധികം സ്നേഹത്തിലും സന്തോഷത്തിലും ആയിരുന്നു.അമ്മയെ ബുദ്ധിമുട്ടിക്കാതെ എല്ലാ ജോലിയും അവൾ സ്വയം ചെയ്തുകൊണ്ടിരുന്നു.ഇത് കണ്ട് എനിക്ക് വളരെയധികം സമാധാനവും സന്തോഷവും തോന്നി.പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ അവളും അമ്മയും മിണ്ടാതായതു പോലെ എനിക്ക് തോന്നി.ഞാൻ അവളോട് അത് ചോദിച്ചപ്പോൾ അവളിൽ നിന്ന് ഞാൻ പ്രതീക്ഷിക്കാത്ത മറുപടിയായിരുന്നു അവൾ എനിക്ക് തന്നത്.അവൾ എന്നോട് അമ്മയുടെ ചെറിയ ചെറിയ തെറ്റുകളിൽ പോലും കുറ്റം പറയാൻ തുടങ്ങി.ഇത് എന്റെ നെഞ്ചിൽ വല്ലാത്ത ഒരു നീറ്റലുളവാക്കി.പിന്നീട് ഞാൻ അവളോട് അമ്മയെ കുറിച്ച് ഒന്നും പറഞ്ഞില്ലെങ്കിലും അവൾ ഇങ്ങോട്ട് വന്ന് അമ്മയെക്കുറിച്ച് കുറേ തെറ്റുകൾ എന്നോട് പറയും.അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ ജോലി കഴിഞ്ഞ് മടങ്ങി വരുമ്പോൾ സ്മിത വളരെ സന്തോഷവതിയായി എന്നെ നോക്കി ചിരിക്കുന്നത് ഞാൻ കണ്ടു.എന്തുകൊണ്ടാണെന്ന് അറിയാനുള്ള ആകാംക്ഷയാലെ ഞാൻ അവളുടെ അടുത്തേക്ക് ചെന്നു.അപ്പോഴാണ് അവൾ എന്നോട് സന്തോഷപ്പെടുത്തുന്നതും സങ്കടപ്പെടുത്തുന്നതുമായ ആ കാര്യം പറഞ്ഞത്.അവൾ ഗർഭിണിയാണ് അത് കേട്ട് ഞാൻ വളരെയധികം സന്തോഷവാനായി പക്ഷെ അപ്പോഴാണ് അവൾ എന്റെ ജീവിതത്തിലെ ഒരു ഭാഗം മുറിച്ചുകളയുന്ന അത്രയും വേദനയുള്ള ആ കാര്യം എന്നോട് പറഞ്ഞത് "ആ അമ്മയും അച്ഛനും ഇവിടെ ഉള്ള കാലം വരെ ഞാൻ ഇവിടെ ഉണ്ടാവില്ല.നിങ്ങൾ എപ്പോൾ അവരെ പറഞ്ഞ് വിടുന്നോ അപ്പോൾ മാത്രമേ ഞാൻ തിരിച്ചു വരുകയുള്ളൂ".ഇത് കേട്ട് ഞാൻ നടുങ്ങി പോയി.മനസ്സില്ലാമനസ്സോടെ ഞാൻ ഇത് പറയാൻ അവരുടെ മുറിയിലേക്ക് പോയി വാതിൽ തുറന്നു.



പക്ഷെ അവരെ അവിടെ കാണുന്നില്ല.എന്റെ ജീവിതത്തിലെ വേരുകൾ ഇല്ലാതായ ആ ദിവസം ഞാൻ ഇപ്പോഴും ഓർക്കുന്നു.ആ ദിവസത്തിന് ശേഷം എന്റെ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടായിട്ടില്ല.വേരുകളായ എന്റെ അച്ഛനും അമ്മയും എവിടെയാണെന്ന് ഞാൻ ഇപ്പോഴും തേടികൊണ്ടിരിക്കുന്നു.

-ഫാത്തിമത്തുൽ സഹദ ഫർഹത്ത്.കെ

# മോഷണം

ഒരു വീട്ടിൽ കോഴിയും പൂച്ചയും എലിയും നായയും ഉണ്ടായിരുന്നു.





കോഴി നാലപ്പം ഉണ്ടാക്കി ഭരണിയിൽ ഇട്ടു വെച്ചു .കുറച്ചു നേരം കഴിഞ്ഞപ്പോൾ അപ്പം മോഷണം പോയി ഇത് കണ്ട കോഴിക്ക് ദേശ്യവും സങ്കടവും സഹിക്കാൻ കഴിയാതെ മോഷ്ടാവിനെ കണ്ട്പിടിക്കാൻ സ്രമം തുടങ്ങി. മോഷ്ടാവിനെ കണ്ടുപിടിക്കാൻ കോഴി എല്ലാവരെയും വിളിച്ചുവരുത്തി പറഞ്ഞു ഞാൻ ഉണ്ടാക്കിയ പത്ത് അപ്പവും ഒരു മോഷ്ടാവ് തിന്നു തീർത്തു .





എലി പറഞ്ഞു അതിൽ പത്ത് അപ്പമൊന്നുമില്ലായിരുന്നു ആകെ നാലപ്പമേ ഉണ്ടായിരുന്നുള്ളൂ . കോഴി പറഞ്ഞു ഞാൻ മോഷ്ടാവിനെ കണ്ട് പിടിക്കാൻ കള്ളം പറഞ്ഞതാണ് . കോഴി മോഷ്ടാവിനെ പിടിച്ചു സന്തോഷത്തിൽ വീണ്ടും അപ്പമുണ്ടാക്കി എല്ലാവർക്കും കൊടുത്തു.

– ദേവപ്രിയ. എസ്.നായർ

ജീവചരിത്രം

## ഉറൂബ് (പി.സി. കുട്ടികൃഷ്ണൻ)

**(1915-1979)**



മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്ന കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു, അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്, അണിയറ, മൗലവിയും ചങ്ങാതിമാരും, ഗോപാലൻനായരുടെ താടി, രാച്ചിയമ്മ, അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ.

# പാതിയിൽ നിന്നുപോയ പാട്ട് ....

സംഗീത രംഗത്ത് ഉയർന്നുവരുന്ന പ്രതിഭയായിരുന്ന അകാലത്തിൽ വിടപറഞ്ഞ ഐശ്വര്യ മനോഹരൻ .ചമ്പാട് ചോതാവൂർ എച്ച് എസ് എസിലെ കലാപ്രവർത്തനങ്ങളിലെ നിറസാന്നിധ്യമായ ഐശ്വര്യയുടെ വിയോഗം സ്കൂളിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും ഒരു പോലെ ദുഃഖത്തിലാഴ്ത്തി സംസ്കൃതോത്സവത്തിലും കലോത്സവത്തിലും സംഗീത ഇനങ്ങളിലും ജില്ലാതലത്തിൽ നിരവധി അംഗീകരങ്ങൾ നേടിയ ഐശ്വര്യ വിദ്യാരംഗം സംസ്ഥാന സാഹിത്യോത്സവത്തിൽ കാവ്യാലാപനത്തിൽ ജില്ലയെ പ്രതിനിധീകരിച്ച പങ്കെടുത്തിട്ടുണ്ട്




അസുഖബാധിതയായിരുന്നപ്പോഴും ഐശ്വര്യ പാട്ടിനെ ചേർത്തുപിടിച്ചു പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ചുനിന്ന വിദ്യാർത്ഥിനിയായിരുന്ന ഐശ്വര്യ ,ഗാനമേള വേദികളിലെ സ്ഥിരസാന്നി ധ്യമായിരുന്ന സമൂഹമാധ്യമങ്ങളിലും ഐശ്വര്യയുടെ പാട്ട് ഹിറ്റായി ചോതാവൂർ എച്ച് എസ് എസ് നിർമ്മിച്ച ഖദ്യോത മൗക്തികം എന്നീ സംസ്കൃതം ഷോർട്ട് ഫിലിമുകളിലും പാടിയിട്ടുണ്ട് ഗായകൻ കാഞ്ഞങ്ങാട് രാമചന്ദ്രന്റെ ശിഷ്യയാണ് ഒരു പ്രമുഖ ചാനലിന്റെ റിയാലിറ്റി ഷോയുടെ ഒഡീഷനിൽ അവസാന റൗണ്ടിലെത്തിനിൽക്കുമ്പോഴാണ് ഐശ്വര്യയെ മരണം കവർന്നത്- 2022 september 15 വിടപറഞ്ഞത്.

സ്മരണിക സമിതിയുടെ
ഓർമ്മപ്പൂക്കൾ



-അശ്വിൻ. കെ

# മൗനനൊമ്പരം

പപ്പാ, ആദ്യം വല്യമ്മച്ചിയെ കാണണം. അത്കഴിഞ്ഞ് മതിയെന്തും. അത്രയും നേരം ഫോണിൽ നോക്കിക്കൊണ്ടിരുന്ന ജോണ ഫിലിപ്പിനോടായി പറഞ്ഞു. അവളുടെ വാക്കുകളിൽ വല്ലാത്ത ഒരു കാഠിന്യമുണ്ടായിരുന്ന

* * * * * * * * * * * * * * * * * * * * * * * * * * *

"ഇച്ചായാ, എനിക്ക് പറ്റത്തില്ല ഇനിയും നിങ്ങൾടെ അമ്മയെ നോക്കാൻ, വല്ല ഹോംനേഴ്സിനെയോ വെക്കാൻ നോക്ക്" , കിടക്കയിലിരുന്ന് പുസ്തകത്തിലെന്തോ കുറിച്ച് കൊണ്ടിരുന്ന ഫിലിപ്പിനോടായി ജെനി പറഞ്ഞു.

"എന്നതാ ജെനി? , ഞാനീ കണക്കൊക്കെയൊന്ന് നോക്കട്ടെ നീ ഒന്ന് പോയിക്കെ" ഫിലിപ് മുഖം കൂർപ്പിച്ച് സംസാരിച്ചു.

"അല്ലേലും ഞാൻ എന്നതേലും പറയുമ്പോഴാണല്ലോ ഈ തിരക്കുണ്ടാവത്തുള്ളൂ, അടുത്തമാസം മൂന്നാറിലേക്ക് പോകുമ്പോൾ ആ സ്ത്രീയേയും കെട്ടിയെടുക്കാനാ പുറപ്പാടെങ്കിൽ നടക്കില്ല" ജെനി ഒച്ചയുയർത്തി.

ഫിലിപ്പിന്റെ മുഖമൊന്ന് കറുത്തു. "ഞാൻ പിന്നെ എന്ത് ചെയ്യണംന്നാ നീ പറയണത്?"

"നമുക്കമ്മയെ ഏതേലും വൃദ്ധസദനത്തിലാക്കാം, പണം കൊടുത്താൽ മതിയല്ലോ? "ജെനി സാവധാനം കാര്യം അവതരിപ്പിച്ചു.

"ജെനി നീ എന്നതാ പറയണത് !വൃദ്ധസദനത്തിലാക്കാനോ അതും ഞാൻ ജീവനോടെ ഉള്ളപ്പോഴെ? "ഫിലിപ്പിന്റെ മുകത്ത് അത്ഭുതം വ്യക്തമായിരുന്നു.

"പിന്നേ, നിങ്ങളല്ലാലൊ ഇത്രേംനാൾ അമ്മച്ചിയെ നോക്കിയത്, ആൽഫ്രെഡല്ലയോ! 5 വർഷം മുമ്പ് മൂന്നാറിലേക്ക് പോയതിൽ പിന്നെ നിങ്ങൾ അമ്മച്ചിയെ തിര്ഞ്ഞ് നോക്കീല്ലാലൊ? അന്ന് കണ്ണും നിറച്ച് ഞാൻ വരമില്ലാന്നും പറഞ്ഞ് ജോണനിന്നത് എനിക്കിപ്പോഴും ഓർമയുണ്ട്. നിങ്ങളെക്കാളും സങ്കടം അവൾക്കാർന്നു .

പിന്നെ ആൽഫ്രെഡ് പെണ്ണും കെട്ടി ലണ്ടണിലേക്ക് പോയപ്പോഴല്ലേ നിങ്ങളമ്മച്ചിയെ കാണണംന്നും പറഞ്ഞ് മൂന്നാറീന്ന് പോന്നത് !
മൂന്നാർ വിട്ടിട്ട് ഇപ്പോ 6 മാസം കഴിയാറായി, അടുത്ത മാസം വിളവെടുപ്പല്ലേ? അമ്മച്ചിയെയും കൊണ്ട് ആ തണുപ്പത്ത് പോയി അസുഖം വരുത്തേണ്ട വല്ല കാര്യവും ഉണ്ടോ? അതിനെക്കാൾ നല്ലതല്ലേ വൃദ്ധസദനം?"


ഫിലിപ് കുറച്ച് നാരത്തേക്ക് നിശ്ശബ്ദനായി, അത് കണ്ട് ജെനി വീണ്ടും തുടർന്നു.

ഇനിയും പാലക്കോട് നിൽക്കാൻ പറ്റില്ല, ഹോട്ടലും കൃഷിയും ഇല്ലാതാവും, പിന്നെ ജോണയുടെ കാര്യവും നോക്കണ്ടേ?

ഇച്ചായൻ ഇതിനെക്കുറിച്ചൊന്ന് ആലോചിക്ക്, രണ്ടാഴ്ച സമയമുണ്ട്." ഇതും പറഞ്ഞ് ജെനി അടുക്കളയിലേക്ക് നീങ്ങി.

ഇതെല്ലാം കേട്ടുകൊണ്ട് ഹാളിൽ നിർവികാരമായ കണ്ണുകളോടെ കസേരയിലിരിക്കുന്ന വൃദ്ധയെ മാത്രം അവർ രണ്ട് പേരും ശ്രദ്ധിച്ചില്ല.

ആ വൃദ്ധ തന്റെ ചുളിഞ്ഞ കൈകൾ കൊണ്ട് കസേരകയ്യിൽ പിടുത്തമിട്ടെഴുന്നേറ്റ് മുടന്തി മുടന്തി മുറിയിലേക്ക് ചെന്ന് കട്ടിലിലേക്ക് ചാരിയിരുന്ന് നീരു വെച്ച കാലുകൾ സാവധാനം കട്ടിലിലേക്ക് കയറ്റി ചെരിഞ്ഞു കിടന്നു. ആ കണ്ണുകളിൽ കണ്ണീർച്ചാലുകൾ രൂപപ്പെട്ട് കണ്ണുനീർ അടർന്നുവീഴുന്നുണ്ടായിരുന്നു.



ദിവസങ്ങൾ ഇലകൾപോൽ കൊഴിഞ്ഞുവീണു. എന്നും അമ്മയെക്കൊണ്ടുള്ള കഷ്ടപാടുകളും കുറ്റങ്ങളും ജീനയിൽനിന്ന് കേട്ട് മടുത്ത് ഫിലിപ് അമ്മയെ വൃദ്ധസദനത്തിലാക്കാൻ സമ്മതിച്ചു. അനിയൻ ആൽഫ്രഡിനോട് പറഞ്ഞപ്പോൾ അവനും സമ്മതം.

അങ്ങനെ മൂന്നാറ് പോകുന്ന ദിവസം അമ്മയെ വൃദ്ധസദനത്തിലാക്ക് ഫിലിപ് മൂന്നാറിലേക്ക് മടങ്ങി - ബാല്യം മുതൽ കൈകൾകോർത്ത്പിടിച്ച സ്നേഹത്തിന്റെ കരങ്ങളുപേക്ഷിച്ച് കൊണ്ട്.

* * * * * * * * * * * * * * * * * * * * * * * * * * * * * * *

13 മാസങ്ങൾക്ക് ശേഷം പാലക്കാട്ടേക്കുള്ള തിരിച്ച് വരവാമിത്, ജോണയുടെ ഒറ്റ പിടിവാശി കാരണമുള്ള തിരിച്ച് വരവ്.

"പപ്പാ, ആദ്യം വല്യമ്മച്ചിയെ കാണണം. അത്കഴിഞ്ഞ് മതിയെന്തും" അത്രയും നേരം ഫോണിൽ നോക്കിക്കൊണ്ടിരുന്ന ജോണ ഫിലിപ്പിനോടായി പറഞ്ഞു. അവളുടെ വാക്കുകളിൽ വല്ലാത്ത ഒരു കാഠിന്യമുണ്ടായിരുന്നു.

ജെനി എന്തോ കുറ്റകൃത്യം ചെയ്തത് പോലെ തലകുനിച്ചിരിക്കുന്നുണ്ടായിരുന്നു.

ഫിലിപ് കാറൊരു ഇടവഴിയിലേക്കിറക്കി, അതെത്തിനിന്നത് ഒരു വിശാലമായ മുറ്റത്തേക്കാണ്. 'സ്നേഹതീരം' എന്നെഴുതിതൂക്കിയ ബോർഡ് കടന്ന് ജോണ മുന്നിലുള്ള പഴയ എന്നാൽ പുതുമയുള്ള കെട്ടിടത്തിലേക്ക് കയറി ആദ്യം കണ്ടവരോട് മാനേജറിന്റെ ചോദിച്ചറിഞ്ഞ് അങ്ങോട്ടേക്ക് നടന്നു, കൂടെതന്നെ ഫിലിപ്പും ജീനയും. കതകിൽ മുട്ടി അനുവാദം വാങ്ങിയ ശേഷം അവർ മുറിയിലേക്ക് കടന്നു.

ഫിലിപ് കസേരയിലേക്കിരുന്ന് കൊണ്ട് ചോദിച്ചു "മേനേജർ സതീശൻ?"

"സതീശേട്ടൻ 7 മാസംമുൻപ് പിരിഞ്ഞ് പോയി, ഇപ്പോൾ ഞാനാണ് സ്നേഹതീരത്തിന്റെ മേനേജർ –ജോബിൻ മാത്യു, എന്താണ് കാര്യം?" ജോബിൻ സൗമ്യപൂർവ്വം ചോദിച്ചു.

“ഞാനൊരാളെ വിസിറ്റ് ചെയ്യാൻ വന്നതാ" , "വിസിറ്റ് ചെയ്യാനല്ല കൂട്ടികൊണ്ട് പോകാൻ" ഫിലിപ് പറയുന്നതിനിടയിൽ ജോണ പറഞ്ഞു.

“ആളുടെ പേരും വിവരവും പറഞ്ഞിരുന്നെങ്കിൽ ആളെവിട്ട് വിളിപ്പിക്കാമായിരുന്നു" ജോബിൻ ഒരു സമാധാന സംഭാഷമത്തിനൊരുങ്ങി.

"പേര് അന്നചാക്കോ, ഒരു വർഷം മുമ്പാണ് അമ്മയെ ഇവിടെ ഏൽപ്പിച്ചിട്ട് പോയത്" ഫിലിപ് മറുപടി നൽകി.

മറുപടി കേട്ട് ജോബിന്റെ മുഖം കറുത്തു- "നിങ്ങൾ അന്നാമ്മച്ചിയുടെ!”

"മകനാണ്" -ഫിലിപ് തല കുനിച്ചു.

"ഇത്രയും നാളിൽ ഒരിക്കൽ പോലും വരാൻ തോന്നിയില്ലാല്ലെ!” ജോബിൻ രൂക്ഷസ്വരത്തിൽ ചോദിച്ചു
ഫിലിപ് തലയുയർത്തി അവനെ നോക്കി.
ജോണയുടെ കണ്ണിൽ തന്റെയച്ഛനോടുള്ള പുച്ഛം വ്യക്തമായിരുന്നു, ഒരു കുറ്റബോധവും.

"അന്നമ്മ മരിച്ചു, 4 മാസം മുമ്പ് " ജോബിന്റെ വാക്കുകൾ തീ അമ്പുകൾപോലെ ഫിലിപിന്റെ കാതിൽ തുളച്ച് കയറി. അയാൾ നിശ്ചലനായി പിന്നീട് ചുവന്ന കണ്ണുകളോടെ ജെനിക്ക് നേരെ മുഖം തിരിച്ചു, അവിടെയും ഞെട്ടൽ, രണ്ട് കണ്ണുകളിലും കുറ്റബോധം.

ജോബിൻ ഒരു ഡ്രോയർ തുറന്ന് ഒരു കത്ത് ഫിലിപ്പിന് നൽകി- "അന്നമ്മ പറഞ്ഞതാണ് എന്നെങ്കിലും തിരക്കി വരുവാണെങ്കിൽ നൽകണമെന്ന് "

ഫിലിപ് വിറക്കുന്ന കൈകളാൽ കത്ത് തുറന്നു, അമ്മ തന്നെ എഴുതിയതാണ് - പകുതി മുറിഞ്ഞ അക്ഷരങ്ങളാൽ.

“തിരക്കി വന്നതിൽ സന്തോഷം, നിങ്ങളെ ബുദ്ധിമുട്ടിക്കണമെന്ന് കരുതിയല്ല. ഞാൻ ശ്രമിച്ചതാണ് പക്ഷേ ശരീരം സമ്മതിച്ചില്ല. വാർദ്ധക്യം ഒരു കുറ്റമാണെന്ന് ഞാൻ അറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ അച്ചായനൊപ്പം ഞാനും പോയേനെ... നല്ലത് വരട്ടെ, ക്ഷമിക്കണം എല്ലാത്തിനും.
സ്നേഹത്തോടെ അമ്മ.



കുറ്റബോധം ഫിലിപിന്റെ കണ്ണിൽ തിരകളായി പ്രവഹിച്ചു. ശരീരം നിശ്ചലമായി. ജോണ കടലാസ് തട്ടിപ്പറിച്ച് വായിച്ചു. നിറഞ്ഞ കണ്ണുകളോടെ അവൾ ജോബ്ബിനെ നോക്കി.

ബന്ധപ്പെടാൻ ശ്രമിച്ചതാണ്, പലതവണ എന്നാൽ വിളിച്ചപ്പോളെല്ലാം എടുത്തത് ഒരു തമിഴനായിരുന്നു, കൂടാതെ മോർ കോൺടാക്റ്റിൽ നമ്പറിൽ വിളിച്ചപ്പോൾ നിലവിലില്ല എന്ന സന്ദേശവും. ഒന്നര മാസത്തോളം ശ്രമിചേചതാണ് , പക്ഷേ ഫലമുണ്ടായില്ല. ജോബിൻ അറിയിച്ചു.

അതെ ഞാന നമ്പർ മാറ്റിയിരുന്നു, കൂടാതെ മോർ കോൺട്ക്റ്റിൽ നൽ കിയത് ആൽഫ്രഡിന്റെ നമ്പറായിരുന്നു. അവൻ സിം മാറ്റിയത് ഓർത്തതുമില്ല. ഫിലിപ് ഓർത്തു.
അവന്റെ ചിന്ത

മനസ്സിലാക്കിയത്കൊണ്ടാവണം ജോണ മുറിയിൽ നിന്നും ഇറങ്ങിപ്പോയി.

ഫിലിപ് അപ്പോഴും നിശ്ചലനായിരുന്നു, കണ്ണുകളിൽ കുറ്റബോധം, നഷ്ടബോധവും തന്നോട് തന്നെയുള്ള പുച്ഛവും . എന്ത് പ്രായിശ്ചിത്തം ചെയ്താലും തീർക്കാൻ കഴിയാത്ത പാപങ്ങളും താങ്ങി, നിർജീവമായി....

-രാഖിമ.കെ

# കഷ്ടപ്പാടിന്റെ വില

ഈ കഥയിൽ പറയുന്നത് അഞ്ചന എന്ന പെൺകുട്ടിയുടെ ജീവിതമാണ്.അവളെ വിളിക്കുന്നത് അമ്മുഎന്നാണ്.അമ്മു ഒരു പെൺകുട്ടി മാത്രമാണ്.അവൾക്ക് നാല് വയസ്സുളപ്പോൾ അവളുടെ അച്ചൻ മരിച്ചുപോയിരുന്നു.അന്ന് മുതൽ ഇന്ന് വരെ അവളുടെ അമ്മ ഓരോരുത്തരുടെയും വീട്ടിൽ പോയി പണി നോക്കിയതാണ്.അവർ ഒരു കോളനിയിൽ ആയിരുന്നു താമസിച്ചിരുന്നത്.ഒരു ദിവസം അവളുടെ അമ്മ അമ്മുവിനോട് പറഞ്ഞു നീ വേറെ എവിടെയെങ്കിലും പോയി പഠിച്ച് കലക്ടർ ആവണം.ഇവിടുന് എന്തായാലും പറ്റില്ല. അങ്ങനെ അവൾ വേറെ എവിടെയെങ്കിലും പോയി പഠിക്കാൻ തീരുമാനിച്ചു. അങ്ങനെ അവൾ ഐ.എ.എസ് കോളേജിൽ പഠിക്കാൻ പോയി. അങ്ങനെ അവൾ കുറേ പഠിച്ച് പരീക്ഷ എഴുതി റിസൾട്ട് വന്ന് അങ്ങനെ നോക്കി ഞാൻ ജയിച്ചു.അപ്പോൾ നല്ല സന്തോഷമായി. അങ്ങനെ ഞാൻ കളക്ടർ ആയി. എന്റെ നാട്ടിലെ. അങ്ങനെ ഞാൻ എന്റെ അമ്മയുടെ അടുത്തേക്ക് പോയി. അമ്മയോടു പറഞ്ഞു. അപ്പോൾ അമ്മയ്ക്കും സന്തോഷമായി.അങ്ങനെ ഞാനും അമ്മയും സന്തോഷത്തോടെ ജീവിച്ചു.

ഫാത്തിമ സഹറ.കെ



# വികൃതിയായ തേനീച്ച





ഒരിടത്ത് സംഗം തേനീച്ചകൾ താമസിക്കുന്ന കൂട്ടിൽ ഒരു വികൃതിയായ കുഞ്ഞുതേനീച്ചയുണ്ടായിരുന്നു. ആ തേനീച്ച മറ്റുള്ളവരുടെ വാക്കുകൾ അനുസരിക്കുന്നത് പോയിട്ട് ചെവികൊള്ളുകപോലുമില്ലായിരുന്നു.സ്വന്തം ജോലികൾ പോലും മര്യദിക്ക് ചെയ്യാറില്ലായിരുന്നു. സ്വന്തം ഭക്ഷണം മറ്റുള്ളവരിൽ നിന്ന്  തട്ടിയെടുത്ത്  കഴിക്കാറാണ് പതിവ്. ഈ വികൃതി സഹിക്കാൻ കഴിയാതെ മറ്റുള്ള തേനീച്ചകൾ റാണിതേനീച്ചയുടെ അടുക്കൽ ചെന്ന് പരാതി നൽകി . റാണിതേനീച്ച കുഞ്ഞൻതേനീച്ചയ് ക്ക് തക്കതായ ശിക്ഷ നൽകി തന്റെ താൻ തന്നെ പോയി ശേഖരിക്കണമെന്നായിരുന്നു അവന്റെ ശിക്ഷ അവൻ അവന്റെ തെറ്റുമനസിലാക്കി ശിക്ഷ ഏറ്റെടുത്തു.

- ചന്ദന.എം.വി

# കനിവ്



സ്വന്തം ജന്മദിനങ്ങളെ സഹപാഠികളുടെ കണ്ണീരൊപ്പാനുള്ള ശ്രമങ്ങൾക്കൊപ്പം ചേർത്തുവെക്കുകയാണ് ചമ്പാട് ചോതാവൂർ എച്ച് എസ്. എസിലെ വിദ്യാർത്ഥികൾ. ചോതാവൂർ എച്ച് എസ് എസിൽ പത്തു വർഷമായി വിജയക്കരമായി തുടരുന്ന സമഗ്ര ആരോഗ്യ ,വിദ്യാഭ്യാസ സഹായപദ്ധതിയാണ് കനിവ്. നിർധനരായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ചികിത്സയും, പഠനസഹായവും നൽകുന്ന കനിവ് പദ്ധതിക്ക് പണം കണ്ടെത്തുന്നത് ജന്മദിനത്തിൽ കുട്ടികൾ നൽകുന്ന സംഭാവന വഴിയാണ്. അടച്ചുപൂട്ടലിന്റെ നാളുകളിൽ കുട്ടികൾ ജന്മദിനത്തിൽ കനിവ് പദ്ധതിയിലേക്ക് പണം എത്തിക്കുന്നു. പത്തുവർഷത്തിനിടെ നിർധന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ചികിത്സ, പഠന ആവശ്യങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ നൽകാൻ കനിവിന് കഴിഞ്ഞിട്ടുണ്ട്. ക്ലാസ്സ് ആധ്യാപകർ,കുട്ടികളുമായി രക്ഷിതാക്കളുമായും നടത്തുന്ന ആശയവിനിമയം വഴിയാണ് കുടുംബങ്ങളുടെ അവസ്ഥ മനസ്സിലാക്കുന്നത്. കൈത്താങ്ങ് ആവശ്യമായ കുടുംബങ്ങളുണ്ടെന്നും സഹായ ആവശ്യമായ സാഹചര്യം ഉണ്ടെന്നും ബോധ്യപ്പെട്ടാൽ വിവരം കനിവിന്റെ ചുമതലയുള്ളവരെ അറിയിക്കും.പി.ടി.എ അംഗങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തും

– മിയ അനൂപ്.

# Where are the barbers?

A man went to a barbershop to have his hair cut. As the barber began to work, they began to have a good conversation. They talked about so many things on various subjects. When they eventually touched on the subject of God, the barber said,"I don't believe that God exists."

"Why do you say that?" asked the customer.

"Well, you just have to go out into the street to realize that God doesn't exist. Tell me, if God exist, would there be so many sick people? would there be abandoned children? if God existed, there would be neither suffering nor pain. I can't  image a loving God who would allow all of these things".

The customer thought for a moment, but he didn't respond because he didn't want to start a argument. The barber finished his job and the customer left the shop. Just as he left the barber shop, he saw a man in the street with long, stringy, dirty hair and a very long beard. He looked dirty and unkempt.

The customer turned back and entered the barber shop again.

Upon entering, he said to the barber, "you know what? Barbers do not existed".

"Are you joshing me?. How can you say that? "asked the surprised barber "i am here, and i am a barber"

"No!" the customer exclaimed. "Barbers don't exist because if they did, there would be no people with dirty long hair and untrimmed beards, like that man outside."

"Ah,but barber DO exist!"answered the barber. "what happends is that people do not come to me."

"Exactly!" affrimed the customer. "That's the point! God ,too,DOSE exist! Let me cut to chase,what happens,is, people don't go to him. That's why there is so much pain and suffering in the world"

-Anmika

T

H

A

N

K

Y

O

U